ഈകൊല്ലം ഒമ്പതാം ക്ലാസിലെ പാഠ്യപദ്ധതി പരിഷ്ക്കരിച്ചതനുസരിച്ച് 5 ദിവസത്തെ പരിശീലനം മെയ് 26 ന് ആരംഭിച്ചു. ഒന്നാംഘട്ട പരിശീലന പദ്ധതി എന്ന നിലയ്ക്ക് 'കോർ എസ്.ആർ.വി. ട്രെയിനിംഗ്' തുടങ്ങി. അതിനുവേണ്ട മെറ്റീരിയൽസ് വിതരണം ചെയ്തു. 70 പേർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. എല്ലാ പാഠ്യപുസ്തകങ്ങളും സ്ക്കൂളുകളിൽ എത്തിച്ചുകഴിഞ്ഞു. ഒരിടത്തും പാഠപുസ്തകം കിട്ടിയില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നാല് ഘട്ടങ്ങളിലായി നടത്തുന്ന പരിശീലനം ആഗസ്റ്റ് മാസത്തോടെ അവസാനിക്കും. 26-5-2003 മുതൽ 30-5-2003 വരെയും 16.6.2003 മുതൽ 20.6.2003 വരെയും നടത്തിക്കഴിഞ്ഞു. ഇനി 30-6-2003 ന്റെ പരിശീലന പരിപാടി 4-7-2003 ൽ പൂർത്തിയാകും. ഇതുവരെയായി 27,794 അദ്ധ്യാപകർക്ക് നാല് ഘട്ടങ്ങളിലായി പരിശീലനം കൊടുത്തുകഴിഞ്ഞു. ഒമ്പതാം ക്ളാസിലെ പരിഷ്ക്കരിച്ച പാഠ്യപദ്ധതിയനുസരിച്ച് ഒരു സ്ക്കൂളിൽ ഒരു വിഷയത്തിന് ശരാശരി രണ്ട് അദ്ധ്യാപകർക്ക് വീതം പരിശീലനം നൽകിക്കഴിഞ്ഞു. ഒന്ന്, രണ്ട്, മൂന്ന് ക്ലാസുകളിലെ പരിഷ്ക്കരിച്ച പാഠ്യപുസ്തകങ്ങൾക്കുള്ള സമീപനവും മറ്റ് കാര്യങ്ങളുമായി ബന്ധപ്പെട്ട പരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് നിശ്ചിതസമയത്തുതന്നെ പൂർത്തിയാക്കാൻ സാധിക്കണമെന്നാണ് ഇന്നത്തെ ഷെഡ്യൂൾ അനുസരിച്ച് തീരുമാനിച്ചിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാറ്റലൈറ്റ് സഹായത്തോടെയുള്ള ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം

5 (*384) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ 'സാറ്റലൈറ്റ്' സഹായത്തോടെയുള്ള ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഏർപ്പെടുത്താൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ ആണെന്ന് അറിയിക്കാമോ ;

(സി) ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 'സാറ്റലൈറ്റി' ന്റെ സഹായത്തോടെയുള്ള ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തു തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ & ബി) ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ റോഡുകളുടെ ഡിജിറ്റൽ ഡാറ്റയും മാപ്പും തയ്യാറാക്കുന്നതിനുള്ള ഒരു പരിപാടിക്ക് രൂപം കൊടുത്തുവരികയാണ്. റോഡുകളുടെ ഏറ്റവും ഒടുവിലത്തെ സ്ഥിതി മനസ്സിലാക്കുന്നതിനും അതുവഴി മെയിന്റനൻസ് പണികൾ ഏറ്റവും ആവശ്യമായിടത്ത് മുൻഗണനാക്രമത്തിൽ ചെയ്യുന്നതിനും അങ്ങനെ റോഡുകളുടെ പരിപാലനം മികവുറ്റതാകുന്നതിനും കഴിയുമെന്നുള്ളതാണ് നിർദ്ദിഷ്ട ക്രമീകരണം കൊണ്ടുണ്ടാവുന്ന പ്രയോജനം.

(സി) മഹാരാഷ്ട്ര, ആന്ധ്ര, ആസാം, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി & ഇ) ഏകദേശം നാലു കോടി രൂപ ചെലവാകും.

വിദേശരാജ്യങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് അടിയന്തിരമായി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് നടപടി

6 (*386) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശരാജ്യങ്ങളിൽ ജോലിക്കിടയിലും മറ്റുമായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് വിതരണം ചെയ്യുന്നതിനായി ലഭിച്ച പണം സർക്കാരിന്റെ അധീനതയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഈ ഇനത്തിൽ ആശ്രിതർക്ക് വിതരണം ചെയ്യാതെ കൈവശം വച്ചിട്ടുള്ള തുകയെത്രയെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത പണം ആശ്രിതർക്ക് വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ ;

(ഡി) കടബാദ്ധ്യതകൾമൂലം കഷ്ടതയനുഭവിക്കുന്നവരുടെ ആശ്രിതർക്ക് അടിയന്തിരമായി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ) വിദേശരാജ്യങ്ങളിൽ ജോലിക്കിടയിലും മറ്റുമായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് വിതരണം ചെയ്യുന്നതിനായി ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളിൽ നിന്നും പണം ജില്ലാ കളക്ടറുടെ പേരിൽ അയച്ചുകൊടുക്കാറുണ്ട്. പ്രസ്തുത തുക

LIBRARY ARCHIVES Kerala Legislative Assembly